മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി

152 (810)ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ എത്ര ജീവനക്കാരുണ്ട്;

(ബി) ഇവരിൽ സ്ഥിര ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര; ഇവർ ഏതേതു തസ്തികകളിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇവരിൽ എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്;

(ഡി) നിയമന ഉത്തരവ് ഇല്ലാതെ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 341 പേർ.

(ബി) സ്ഥിര ജീവനക്കാർ ആരുമില്ല. 2 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും 339 പേർ താൽക്കാലികാടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. ഇവർ, ഡോക്ടർ, സ്റ്റാഫ് നഴ്സ്, സെക്യൂരിറ്റി ജീവനക്കാരൻ, ഓഫീസ് ജീവനക്കാരൻ, ഇ.സി.ജി. ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ, ഡ്രൈവർ, ജൂനിയർ ലാബ് അസിസ്റ്റന്റ്, ഡോർമിറ്ററി സൂപ്പർവൈസർ, ഇൻസിനറേറ്റർ, ഓപ്പറേറ്റർ, ഡോർമിറ്ററി മാനേജർ, പെർഷ്യൂഷനിസ്റ്റ്, തീയേറ്റർ ടെക്നീഷ്യൻ, ഓപ്പറേഷൻ റും തീയേറ്റർ ടെക്നീഷ്യൻ, ഓപ്പറേഷൻ റും അറ്റൻഡർ, ഓക്സിജൻ പ്ലാന്റ് അറ്റൻഡർ, നഴ്സിംഗ് അസിസ്റ്റന്റ്, ... റൈറ്റർ, ക്ലീനർ എന്നീ വിവിധ തസ്തികളിലായി ജോലി ചെയ്തുവരുന്നു.

(സി) കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും സൈനിക വെൽഫയർ ബോർഡു മുഖേനയും നിയമിക്കപ്പെട്ട 190 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇതുകൂടാതെ, രണ്ട് ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്.

(ഡി) നിയമന ഉത്തരവ് ഇല്ലാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ 149 പേർ ജോലി ചെയ്തുവരുന്നു. എച്ച്.ഡി.സി.യുടെ കീഴിൽ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം മാത്രമേ ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലികമായി ജീവനക്കാരെ നിയമിക്കുവാൻ എച്ച്.ഡി.സി.ക്കു അധികാരമുള്ളൂ. മാത്രമല്ല, മെഡിക്കൽ കോളേജ് ആശുപത്രി അത്യാവശ്യ സർവ്വീസാണ്. വളരെ അത്യാവശ്യമായി വരുന്ന സന്ദർഭങ്ങളിൽ അതാതു വകുപ്പു മേധാവികൾ ആവശ്യപ്പെടുന്നതനുസരിച്ച് പരിചയസമ്പന്നതയും, കഴിവും, യോഗ്യതയും സത്യസന്ധതയും ഉള്ളവരുടെ സർവീസ് പെട്ടെന്നു ലഭ്യമാക്കേണ്ടി വരുന്ന അവസരങ്ങളിലാണ് ആശുപത്രി വികസന സമിതി ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നടത്താറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly